# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നംമ്പർ : 3551/11/12/2023/ TVM**

പരാതികക്ഷി റ്റി.ആർ.ഇന്ദിരാഭായി,റ്റി.സി.41/2465
ഐ.വി.കോട്ടേജ്,മണക്കാട് തിരുവനന്തപുരം

എതിർകക്ഷികൾ : അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി
മണക്കാട് ഇലക്ട്രിക്കൽ സെക്ഷൻ

**ഉത്തരവ് തീയതി 09.05.2024**

ഹർജികക്ഷിയുടെ വക പുരയിടത്തിൽ കയറുന്ന ഒരു മീറ്റർ 70 സെൻറീമീറ്റർ വഴിയിൽ കെ.എസ്.ഇ.ബി ഒരു സ്റ്റേ കമ്പി വലിച്ചു കെട്ടിയിട്ടുണ്ടെന്നും, അഞ്ചു വർഷത്തിനു മുമ്പ് വീട്ടിൽ ആളില്ലാത്ത സമയത്ത് തൻെറ അനുവാദമോ സമ്മതമോ ഇല്ലാതെയാണ് പ്രസ്തുത സ്റ്റേ കമ്പി സ്ഥാപിച്ചിട്ടുള്ളതെന്നും, അന്നു മുതൽ കെ.എസ്.ഇ.ബിയുടെ വിവിധ ഓഫീസുകളിൽ പരാതികൾ നൽകിവരുന്നതായും എന്നാൽ നാളിതുവരെ പരാതി പരിഹരിച്ചു തരാൻ കെ.എസ്.ഇ.ബി അധികൃതർ തയ്യാറായിട്ടില്ലായെന്നും, സ്റ്റേ കമ്പി നിലനിൽക്കുന്നതിനാൽ വീട്ടിലേയ്ക്ക് ഒരു ഓട്ടോറിക്ഷാ കയറാൻ പോലും സാധിക്കുന്നില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ ഡയറക്ടർ (Distribution,IT&SCM) ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഇലക്ട്രിക്കൽ ഡിവിഷനിൽ നിന്നും നടത്തിയ സ്ഥല പരിശോധന അനുസരിച്ച് ബ്രാഞ്ച് ലൈനിന് സപ്പോർട്ട് എന്ന നിലയിൽ കൊടുത്തിട്ടുള്ള പരാതിക്കാസ്പദമായ സ്റ്റേ കമ്പി, സ്റ്റേ ഇൻസുലേറ്റർ ഉപയോഗിച്ച് സുരക്ഷിതമാക്കിയിട്ടുള്ളതും, വഴിക്ക് തടസ്സം വരാത്ത രീതിയിലും വാഹന ഗതാഗതത്തിന് ബുദ്ധിമുട്ട് ഇല്ലാത്ത രീതിയിലുമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും, ഏകദേശം 170 സെൻറീമീറ്റർ വീതിയുള്ള പരാതിക്കാരിയുടെ വഴിയിൽ ഗേറ്റ് പിടിപ്പിക്കുവാൻ നാട്ടിയിട്ടുള്ള ഇരുമ്പു തൂണിന് നേരെ പുറകിലായി സ്ഥാപിച്ചിട്ടുള്ള സ്റ്റേ മൂലം ഗേറ്റ് പൂർണ്ണമായി തുറക്കുന്നതിന് യാതൊരു വിധ തടസ്സവും ഉണ്ടാക്കുന്നില്ലായെന്നും റിപ്പോർട്ടിൽ കാണുന്നു.

കമ്മീഷൻ നോട്ടീസ് അയച്ച പ്രകാരം മണക്കാട് ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ചാർജ്ജ് വഹിക്കുന്ന സബ് എഞ്ചിനീയർ ശ്രീ,പ്രകാശ് വി.കെ നേരിട്ട് ഹാജരായി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലും പരാതിക്കാരിയുടെ വീട്ടിലേയ്ക്കുള്ള പ്രവേശനത്തിന് യാതൊരു തടസ്സവും

സൃഷ്ടിക്കുന്നില്ലായെന്നും, സാങ്കേതിക സാധ്യത പരിശോധിച്ചു മാത്രമാണ് സ്റ്റേ സ്ഥാപിച്ചിട്ടുള്ളതെന്നും, സ്റ്റേ അവിടെ നിന്നും മാറ്റാൻ അനുയോജ്യമായ പൊതു സ്ഥലം ഇല്ലായെന്നും, ഇതുമായി ബന്ധപ്പെട്ടുള്ള പരാതിയിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ വാസ്തവവിരുദ്ധമാണെന്നും പ്രതിപാദിച്ചു കാണുന്നു.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. പരാതികക്ഷിക്ക് 1.70 സെ.മീറ്റർ മാത്രമെ റോഡ് ഫ്രണ്ടേജുള്ളൂവെന്നും, തന്റെ അനുവാദം വാങ്ങാതെയാണ് സ്റ്റേ കമ്പി സ്ഥാപിച്ചതെന്നും, സ്റ്റേ കമ്പി കാരണം വഴി ഉപയോഗിക്കാൻ കഴിയുന്നില്ലായെന്നും, സമീപത്തുള്ള മറ്റ് വീടുകൾക്ക് 10 ഉം 12 ഉം റോഡ് ഫ്രണ്ടേജ് ഉണ്ടായിട്ടും തന്റെ വീട്ടിലേയ്ക്കുള്ള വഴിയിൽ സ്റ്റേ സ്ഥാപിച്ചത് ന്യായമല്ലായെന്നും പരാതിക്കാരി പറയുന്നു.

ഇത്രയും ഇടുങ്ങിയ വഴിയിൽ സ്റ്റേ കമ്പി സ്ഥാപിക്കുകവഴി പരാതികക്ഷിക്ക് പ്രയാസം നേരിടുമെന്ന് കാര്യത്തിൽ സംശയമില്ല. നിയമവിരുദ്ധമായി സ്റ്റേ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് മാറ്റി സ്ഥാപിക്കേണ്ടതു തന്നെയാണ്. മണക്കാട് സെക്ഷൻ അസിസ്റ്റന്റ് ഇലക്ട്രിക്കൽ എഞ്ചിനീയർ 02.03.2023 തീയതി പരാതിക്കാരിക്ക് നൽകിയ കത്തിൽ ഇപ്രകാരം കാണുന്നു. ''താങ്കൾ താൽപര്യപ്പെടുന്ന പക്ഷം താങ്കളുടെ വഴിയിൽ തന്നെ 5 സെൻറീമീറ്റർ കൂടി സ്റ്റേ മാറ്റി സ്ഥാപിക്കുവാൻ കഴിഞ്ഞേക്കും. സ്റ്റേ പൂർണ്ണമായും മാറ്റുന്നതിന് പ്രധാന വഴിയുടെ എതിർവശത്തായി ഈ പോസ്റ്റിൽ ഉള്ള ലോഡ് കുറയ്ക്കുന്നതിന് ഒരു അധിക പോസ്റ്റിട്ട് വർക്ക് ചെയ്യാവുന്നതാണ്. ആയതിനാൽ അതിനുവേണ്ട അപേക്ഷ ഫീസും ഡെപ്പോസിറ്റും വർക്ക് ചെയ്യുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റു തുകയും അടയ്ക്കുന്നതിനുള്ള പ്രത്യേക അപേക്ഷ ഈ ഓഫീസിൽ തരാവുന്നതാണ്'' എന്നു രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഇതിൽ നിന്നും സ്റ്റേ കമ്പി മാറ്റി സ്ഥാപിക്കുവാൻ കഴിയുമെന്ന് വ്യക്തമാകുന്നു. പരാതിക്കാരിയുടെ വസ്തുവിൽ ടിയാളുടെ സമ്മതമില്ലാതെ സ്ഥാപിച്ച സ്റ്റേ മാറ്റുന്നതിന് പരാതിക്കാരി തുക ഒടുക്കണമെന്ന് പറയുന്നത് അന്യായമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ സ്റ്റേ കമ്പി അവിടെ നിന്നും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് കെ.എസ്.ഇ.ബി ഡയറക്ടറോട് (Distribution,IT&SCM) കമ്മീഷൻ നിർദ്ദേശിക്കുന്നു.

ഉത്തരവിന്റെ പകർപ്പ് ഡയറക്ടർ (Distribution,IT&SCM), ഹർജികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
**കെ. ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ